ഉത്തരം

(എ&ബി) ഐ.സി.ഡി.എസ്. ഡയറക്ടർ എന്ന തസ്തിക സാമൂഹ്യനീതി വകുപ്പിൽ നിലവിലില്ല. ഐ.സി.ഡി.എസ്. മിഷൻ ഡയറക്ടർ തസ്തികയിൽ സാമൂഹ്യനീതി ഡയറക്ടർ അധിക ചുമതല വഹിച്ചുവരുന്നു.

**ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ തസ്തികകൾ**

**247 (T4290)** ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ എത്ര തസ്തികകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും ഇവ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1292

(ബി) നിലവിലുണ്ടായിരുന്ന 322 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

**പഠന പ്രോത്സാഹന പദ്ധതികൾ**

**248 (4291)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെ പഠന പ്രോത്സാഹനത്തിനായി എന്തൊക്കെ പദ്ധതികളാണ് സാമൂഹ്യനീതിവകുപ്പ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) മാതാപിതാക്കൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് വകുപ്പ് എന്തൊക്കെ സഹായങ്ങളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ?

---

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly